ഉത്തരം

(എ, ബി, സി ആന്റ് ഡി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ ഇംഗ്ലീഷ് ലക്ചറർമാരുടെ ഒഴിവുകൾ നിലവിലില്ല.

ഗവേഷണ വിഷയം, തീസിസ് എന്നിവ വിദേശികൾക്ക് നൽകിയതിനെപ്പറ്റി അന്വേഷണം

110 [3000] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, എ. സുജനപാൽ :
,, ബി. വിജയകുമാർ :
,, ടി. യു. രാധാകൃഷ്ണൻ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവേഷണത്തിന്റെ പേരിൽ കോഴിക്കോട് സർവ്വകലാശാലയ്ക്ക് ഏതെല്ലാം വിദേശ സ്ഥാപനങ്ങളിൽ നിന്നാണ് സഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ആരെല്ലാം വഴിയാണ് ചെലവ് ചെയ്തത്;

(സി) കോഴിക്കോട് സർവ്വകലാശാലയ്ക്ക് കിട്ടിയ വിദേശ പണം അത് കൈപ്പറ്റിയവർ അവരുടെ ഗവേഷണ വിഷയം, അവരുടെ തീസിസ് വിദേശികൾക്ക് നൽകിയത് എന്നിവയെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) അമേരിക്കയിലെ ഫോർഡ് ഫൗണ്ടേഷനിൽ നിന്നും യു. എസ്. ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചറിൽ നിന്നും ധനസഹായം ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത തുക രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പ്രോജക്ട് ഡയറക്ടർമാർ എന്നിവർ വഴിയാണ് ചെലവു ചെയ്തത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly